സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

അപ്പർ ഡിവിഷൻ ക്ലാർക്ക് - സീനിയോറിറ്റി ലിസ്റ്റ് പുനർക്രമീകരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ആർ.ഒ.സി. 11983/13/സ്യൂട്ട്/എസ്റ്റാ-2 നന്തൻകോട്, 12 -12-2018

---

പരാമർശം :- 1) ബഹു: ഹൈക്കോടതിയുടെ WP(C) 19214/17 നമ്പർ കേസിന്മേലുള്ള വിധിന്യായം.
2)
3) 24-09-2018 ലെ മേൽ നമ്പർ ഉത്തരവ്.

## ഉത്തരവ്

അപ്പർ ഡിവിഷൻ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനർക്രമീകരിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നത് റദ്ദ് ചെയ്തും ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകി പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയും ബഹു: ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചു (പരാമർശം -1).

01-01-1994 ലെ ലിസ്റ്റിനുശേഷം തയ്യാറാക്കിയിരുന്ന ലിസ്റ്റുകളിലെല്ലാം അപാകതകൾ ഉണ്ടായിരുന്നതായും സീനിയോറിറ്റി ലിസ്റ്റ് പരാതിരഹിതമായി തയ്യാറാക്കുന്നതിന് പ്രഗത്ഭരായ ഉദ്യോഗസ്ഥരുടെ ഒരു ടീമിനെ ഡിപ്പാർട്ടുമെന്റിന് പുറത്തുനിന്ന് നിയോഗിക്കണമെന്ന് ലാ ആഫീസർ അഭിപ്രായപ്പെട്ടതിനെ തുടർന്ന് ലാ ആഫീസറുടെ മേൽനോട്ടത്തിൽ പുറത്തുനിന്നുള്ളവരുടെ ഒരു ടീമിന്റെ പാനൽ തയ്യാറാക്കിതരുന്നതിന് ലാ ആഫീസറെ ചുമതലപ്പെടുത്തി (പരാമർശം -2).

റിട്ടയേർഡ് ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. പി. ഹരികുമാർ -ന്റെ സേവനം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്താവുന്നതായി വിവരിച്ചുള്ള ലാ ആഫീസറുടെ കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ലാ ആഫീസർ ചെയർമാനും, സർവ്വീസ് കൺസൾട്ടന്റ്, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ എന്നിവർ അംഗങ്ങളായും ഉള്ള മുൻ കമ്മിറ്റി പുനർസ്ഥാപിച്ച് ടി കമ്മിറ്റിയിൽ ശ്രീ. പി. ഹരികുമാറിന്റെ സേവനം കൂടി ലഭ്യമാക്കി ബഹു: ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സീനിയോറിറ്റി ലിസ്റ്റ് പരാതിരഹിതമായി തയ്യാറാക്കുന്നതിന് കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു (പരാമർശം -3).

തുടർന്ന് ബഹു: ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും നോട്ടീസ് നൽകി. സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ബോർഡ് ആഫീസിൽ ഹാജരാകുന്നതിന് ശ്രീ. പി. ഹരികുമാറിന് കത്ത് നൽകിയിരുന്നെങ്കിലും ചുമതല ഏറ്റെടുക്കാൻ നിർവ്വാഹമില്ലായെന്ന് അദ്ദേഹം

(മറുപുറം)

EDP

രേഖാമൂലം അറിയിച്ചതിനെയും പാനലിൽ ഉൾപ്പെടുത്തിയിരുന്ന സർവ്വീസ് കൺസൾട്ടന്റിന്റെ സേവന കാലാവധി അവസാനിച്ചതിനെയും തുടർന്ന് ലിസ്റ്റ് തയ്യാറാക്കുന്നതിന് മൂന്ന് മാസം കൂടി സമയപരിധി ദീർഘിപ്പിച്ച് ലഭിക്കുന്നതിന് ബഹു: ഹൈക്കോടതിയിൽ അപേക്ഷ സമർപ്പിച്ചു.

പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് പുനക്രമീകരണം അടിയന്തിരത്തിൽ പൂർത്തിയാക്കുന്നത് സംബന്ധിച്ച് ബോർഡ് വിശദമായി ചർച്ച ചെയ്തതിൽ ഇക്കാര്യത്തിൽ പ്രഗത്ഭനായ ഒരു ഉദ്യോഗസ്ഥന്റെ സേവനം ആവശ്യമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 വിധിന്യായപ്രകാരം സീനിയോറിറ്റി ലിസ്റ്റ് പരാതിരഹിതമായി തയ്യാറാക്കുന്നതിന് റിട്ടയേർഡ് അക്കൗണ്ടന്റ് ജനറൽ ശ്രീ.എസ്. ദിവാകരൻപിള്ള (രാധാനിവാസ്, എൻ.ആർ.എ. -91 നന്ദാവനം, തിരുവനന്തപുരം) യെ സ്പെഷ്യൽ ആഫീസറായി നിയോഗിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ശ്രീ.എസ്.ദിവാകരൻപിള്ള (രാധാനിവാസ്, എൻ.ആർ.എ. -91 നന്ദാവനം, തിരുവനന്തപുരം)
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. ഇ.ഡി.പി. സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK